കടാശ്വാസം

71(5656) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും 31-12-2007 വരെ എടുത്ത വായ്പ ബാധ്യതകൾ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ വഴി കടം എഴുതിതള്ളുന്നതിനുള്ള തീയതി നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ 2007-ൽ നിന്നും നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലും ചട്ടത്തിലും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും പരാമർശിച്ചിട്ടുള്ള ഉത്തമർണ്ണ സ്ഥാപനങ്ങളിൽനിന്നും, മത്സ്യത്തൊഴിലാളികൾ 31-12-2007 വരെ, മത്സ്യത്തൊഴിലാളി കടാശ്വാസ നിയമങ്ങളിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ള ഉദ്ദേശത്തിനായി എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകി വരുന്നത്. വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. തീയതി നീട്ടുന്ന കാര്യം പരിഗണനയിലില്ല.

വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

72(5657) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ജനപ്രതിനിധികളുമായി കൂടിയാലോചനയ്ക്കുശേഷമാണോ തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ പ്രവർത്തികൾക്കായി ഏതെല്ലാം ജനപ്രതിനിധികളുമായാണ് കൂടിയാലോചന നടത്തിയതെന്ന് വിശദമാക്കാമോ ;

(സി) സ്ഥലം എം.എൽ.എ.-യുമായി ഈ വിഷയത്തിൽ കൂടിയാലോചന നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തീരദേശ വികസന കോർപ്പറേഷൻ സംയോജിത മത്സ്യഗ്രാമം പദ്ധതി, നബാർഡ് ധനസഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, സമഗ്ര തീരദേശ വികസന പദ്ധതി മുതലായവയിലൂടെ കേരളത്തിലെ മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കടിവെള്ളം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക അടിസ്ഥാന സൗകര്യ വികസനം, മത്സ്യമേഖലാ അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനായി പ്രധാനമായും ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ പഠന റിപ്പോർട്ടാണ് ആധാരമാക്കിയിട്ടുള്ളത്. ഓരോ പദ്ധതികളും ഭരണാനുമതിക്ക് സമർപ്പിക്കുന്നതിന് മുന്നോടിയായി തീരദേശ വികസന കോർപ്പറേഷന്റെ ഫീൽഡ് തല ഉദ്യോഗസ്ഥർ പ്രസ്തുത പ്രദേശത്തെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്ത്, വിവിധ തലങ്ങളിലെ ജനപ്രതിനിധികളുടേയും കമ്മ്യൂണിറ്റി ഓർഗനൈസേഷൻ പ്രതിനിധികളുടേയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും അഭിപ്രായങ്ങൾ സ്വീകരിച്ച് അനിവാര്യമാകുന്ന മാറ്റങ്ങൾ വരുത്തിയാണ് ഓരോ പദ്ധതികളും സമർപ്പിക്കുന്നത്. കൂടാതെ ഓരോ പദ്ധതിയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതരുടെ അനുമതിയോടെയും ഭാവി നടത്തിപ്പും പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനം നിർവ്വഹിക്കുമെന്നുള്ള കൗൺസിൽ തീരുമാനം ലഭ്യമാക്കിയതിനുശേഷവുമാണ് നടപ്പിലാക്കുന്നത്.

(സി) സ്ഥലം എം.എൽ.എ.-യുമായി ഈ വിഷയത്തിൽ കൂടിയാലോചന നടത്തിയിരുന്നുവെങ്കിലും അനൗദ്യോഗിക യോഗമായിരുന്നതിനാൽ മിനിട്ട് ചെയ്ത് സൂക്ഷിച്ചിട്ടില്ല.

കാസർഗോഡ് ഇറമുഖം

73(5658) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന ഇറമുഖം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി 2015-16 വർഷത്തിൽ ഇക വകയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഇറമുഖം സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?